റേഷനരിയുടെ വിലവർദ്ധനവുമൂലം സ്വകാര്യമേഖലയിലുണ്ടായ അരിവില വർദ്ധനവ്

185 [237] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷനരിയുടെ വില വർദ്ധനവുമൂലം സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ അരിവില വർദ്ധനവ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൂട്ടിയ വില സബ്സിഡിയായി ഗവൺമെന്റ് തന്നെ വഹിച്ച് അരിവില കൂടാതിരിക്കുന്നതിന് വേണ്ട നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) റേഷനരിയുടെ വിലയിൽ കിലോഗ്രാമിന് 8 പൈസയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഈ ഒറ്റക്കാരണം കൊണ്ട് സ്വകാര്യ മേഖലയിൽ അരിയുടെ വില-വർദ്ധനവ് ഉണ്ടായിട്ടില്ല.

(ബി) കേന്ദ്ര ഗവൺമെന്റ് സബ്സിഡി അനുവദിച്ചുകൊണ്ട് നൽകുന്ന സാധനങ്ങളുടെ വില കേന്ദ്രം വർദ്ധിപ്പിക്കുമ്പോഴാണ് സംസ്ഥാന ഗവൺമെന്റ് വർദ്ധിപ്പിക്കുന്നത്. ഈ വർദ്ധിപ്പിച്ച വില കേന്ദ്ര ഗവൺമെന്റിനു നൽകുകയാണ് ചെയ്യുന്നത്. ഇത് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നില്ല. കൂട്ടിയ വില സബ്സിഡിയായി നൽകാൻ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

റേഷൻ അരിയുടെ വർദ്ധിപ്പിച്ച വിലമൂലമുണ്ടാകുന്ന അധിക വരുമാനം

186 [238] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരിക്ക് കഴിഞ്ഞ സെപ്റ്റംബർ മാസം അവസാനം മുതൽ വർദ്ധിപ്പിച്ച വില ഒരു യൂണിറ്റിന് എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) അതുമൂലം ഒരാഴ്ചയിൽ ഉണ്ടാകുന്ന അധികവരുമാനം എത്ര ?

ഉത്തരം

(എ, ബി) റേഷനരി ലഭ്യമാക്കുന്ന കേന്ദ്ര സർക്കാർ റേഷനരിയുടെ വില പുതുക്കി നിശ്ചയിച്ചതുകൊണ്ട് 28-9-1986 മുതൽ കിലോഗ്രാമിന് 8 പൈസ വർദ്ധിച്ചു. വർദ്ധിച്ച വില കേന്ദ്ര സർക്കാരിന് നൽകുന്നതുകൊണ്ട് സംസ്ഥാന സർക്കാരിന് അധിക വരുമാനമില്ല.

റേഷൻ പഞ്ചസാരയുടെ വില

187. [239] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ റേഷൻ ഷാപ്പുകൾവഴി വിതരണം ചെയ്യുന്ന പഞ്ചസാരയ്ക്ക് എത്ര തവണ വില വർദ്ധിപ്പിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ തവണയും വർദ്ധിപ്പിച്ചത് എത്ര വീതം ;

(സി) ഇപ്പോൾ ഈ വില എത്ര ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില എത്ര ?

ഉത്തരം

(എ) ഇൻഡ്യാ ഗവൺമെൻറിന്റെ നിർദ്ദേശം അനുസരിച്ച് നാലു തവണ വില വർദ്ധിപ്പിച്ചു.

(ബി) 1-12-1982 മുതൽ കിലോഗ്രാമിന് 10 പൈസ
1-12-1984 മുതൽ കിലോഗ്രാമിന് 25 പൈസ
1-4-1985 മുതൽ കിലോഗ്രാമിന് 40 പൈസ
1-12-1985 മുതൽ കിലോഗ്രാമിന് 40 പൈസ

(സി) കിലോഗ്രാമിന് 4 രൂപ 80 പൈസ

(ഡി) കിലോഗ്രാമിന് 3 രൂപ 65 പൈസ

റേഷൻകടകൾ വഴി വെളിച്ചെണ്ണ വിതരണം

188 [240] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻകടകൾവഴി വെളിച്ചെണ്ണ വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇപ്പോൾ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ലാഭത്തിൽ പ്രവർത്തിക്കുന്ന മാവേലിസ്റ്റോറുകൾ

189 [241] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര മാവേലിസ്റ്റോറുകൾ ഉണ്ട് ;

(ബി) കഴിഞ്ഞ ഒരു വർഷമായി എത്ര മാവേലി സ്റ്റോറുകൾ നിർത്തലാക്കിയിട്ടുണ്ട് ;

(സി) ഇവ നിർത്തലാക്കുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏകദേശം മുപ്പതോളം മാവേലി സ്റ്റോറുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഒന്നും നിർത്തലാക്കിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly